LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ അനധികൃത മണലൂറ്റ്

48 [859] ശ്രീ. ജി. പ്രതാവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ അനധികൃത മണലൂറ്റ് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ അനധികൃത മണൽവാരൽ തടയുന്നതിന് കർശന നടപടി സ്വീകരിക്കാൻ പോലീസ്, റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി അധികൃതർക്ക് കർശന നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി വാരിക്കൂട്ടിയ മണൽ പിരിച്ചെടുക്കുകയും മണൽ കടത്തുന്നതിനുപയോഗിച്ച വാഹനങ്ങൾ പിടിച്ചെടുത്ത് പിഴ ഇടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി മേഖലകളിൽ പോലീസ് പട്രോളിംഗ് കർശനമാക്കുകയും റവന്യൂ വകുപ്പിന്റെ സ്ക്വാഡ് ടി മേഖലകളിൽ കർശനമായി നിരീക്ഷിച്ചു വരികയും ചെയ്യുന്നു.

പാത്രക്കടവ് പദ്ധതി മൂലം വെള്ളത്തിനടിയിലാകുന്ന പ്രദേശങ്ങളും താമസക്കാരും

49 [860] പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. എ. കെ. മണി:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാത്രക്കടവ് പദ്ധതി നടപ്പിലായാൽ എത്ര ഹെക്ടർ വനം വെള്ളത്തിനടിയിലാകും;

(ബി) എത്ര ഹെക്ടർ ഭൂമി വെള്ളത്തിനടിയിലാകും;

(സി) അതിന്റെ ഫലമായി അവിടെനിന്നും താമസക്കാരെ മാറ്റി പാർപ്പിക്കേണ്ടതുണ്ടോ; എങ്കിൽ എത്ര കുടുംബങ്ങളെയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) പാത്രക്കടവ് പദ്ധതി നടപ്പിലാക്കിയാൽ 4.10 ഹെക്ടർ വനം വെള്ളത്തിനടിയിലാകും. ഇതിൽ 1.20 ഹെക്ടർ നദിയും നദീതടവുമാണ്. ബാക്കി 2.90 ഹെക്ടറിൽ മാത്രമാണ് മരങ്ങൾ കാണപ്പെടുന്നത്.